പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 5686 — 29.07.2015 ൽ മറുപടിയ്ക്ക്

**കുണ്ടറ പോലീസ് ശ്രീ പി.ജി.കോശി പണിക്കർക്കെതിരെയെടുത്ത കള്ളക്കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ കുണ്ടറ പോലീസ് സ്റ്റേഷനിൽ ശ്രീ പി.ജി.കോശി പണിക്കർ, പുഷ്പമംഗലം ഹൗസ്, പുന്നമുക്ക്, കൊല്ലം എന്നയാളുടെ പേരിൽ ക്രൈം നമ്പർ 1317/14, 1827/14 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിരുന്നുവോ; വിശദാംശം അറിയിക്കുമോ; | (എ) കിഴക്കേ കല്ലട നിരയിൽ പുത്തൻ വീട്ടിൽ ശ്രീമതി ബിന്ദു എന്നയാളുടെ പരാതിയിൽ കുണ്ടറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1827/14 u/s 420 IPC & 3 r/w 17 of Kerala Money Lenders Act പ്രകാരം ഒരു കേസും, കുണ്ടറ മുട്ടട ജംഗ്ഷനിൽ ശ്രീ കോശി പണിക്കർ നടത്തി വരുന്ന പുഷ്പമംഗലം ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിൽ അമിത പലിശയ്ക്ക് പണം വായ്പ നൽകുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 21.06.2014 ൽ നിയമാനുസരണം പരിശോധന നടത്തിയതിൽ 11 വ്യാജ റിക്കോർഡുകൾ കണ്ടെടുത്തതിനെത്തുടർന്ന് 1317/14 u/s 511, 420, 468, 471 IPC r/w 3, 4, 17, 18(A)(7) പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസുകൾക്ക് ആധാരമായ കാര്യങ്ങളിൽ ശ്രീ കോശി പണിക്കർ നിരപരാധിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടും ബോധപൂർവ്വം കേസ് കെട്ടിച്ചമച്ചതാണെന്ന് കാണിച്ച് ടിയാൾ നൽകിയ പരാതി ലഭ്യമായിരുന്നോ; | (ബി) പ്രസ്തുത കേസിലെ പ്രതിയായ കോശി പണിക്കർ നിരപരാധിയാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും നാളിതുവരെ ഹാജരാക്കിയിട്ടില്ല. ടിയാൻ നിരപരാധിയാണെന്ന് കാണിച്ച് കൊട്ടാരക്കര ഡി.വൈ.എസ്.പി. യ്ക്ക് പരാതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഈ പരാതിയിന്മേൽ ആരെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചതെന്നും, അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ; | (സി) | കൊല്ലം (റൂറൽ) ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി. അന്വേഷണം നടത്തി വരുന്നു. |
| (ഡി) | പരാതിക്കാരന്റെ പേരിൽ കള്ളക്കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ? | (ഡി) | കേസ് ഇപ്പോൾ അന്വേഷണഘട്ടത്തിലാണ് . |

സെക്ഷൻ ഓഫീസർ